**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 112** **08-12-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്കായുള്ള സഹായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ കോവൂർ കുഞ്ഞുമോൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | പൊതു സമൂഹവുമായി താരതമ്യം ചെയ്യുമ്പോൾ പൊതു വിഭാഗത്തിന്റെ വാർഷിക പ്രതിശീർഷ വരുമാനത്തിന്റെ പകുതിയിൽ താഴെ മാത്രമാണ് മത്സ്യത്തൊഴിലാളികളുടെ ആളോഹരി പ്രതിശീർഷ വരുമാനം. 2021-22 വർഷം പൊതുവിഭാഗത്തിന്റേത് 2,57,711/- രൂപയും മത്സ്യത്തൊഴിലാളിയുടേത് 1,34,995/- രൂപയും ആണ്. വിവിധ മേഖലകളിൽ പ്രത്യേകിച്ച് മത്സ്യ വിഭവ സംരക്ഷണ ത്തിനും, വിഭവ മാനേജ്മെന്റിനും പൊതുമേഖലാ സംവിധാനം വഴി വായ്പകൾ യഥാസമയം അനുവദിച്ച ധനമാനേജ്മെന്റിൽ ബോധവൽക്കരണം നടത്തിയും മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കുന്നതിന് കഴിഞ്ഞ വർഷങ്ങളിൽ വകുപ്പിനും അനുബന്ധ സ്ഥാപനങ്ങൾക്കും കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മത്സ്യത്തൊഴിലാളി സമൂഹത്തെയും വിശിഷ്യാ മത്സ്യത്തൊഴിലാളികളെയും സാമൂഹികമായും സാമ്പത്തികമായും ഉയർത്തിക്കൊണ്ട് വരുന്നതിനും ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | മത്സ്യഫെഡും മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷനും മറ്റ് ഏജൻസികളും വഴി അവർക്ക് നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | മത്സ്യത്തൊഴിലാളികൾ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും 2008 ഡിസംബർ 31 വരെ, മത്സ്യബന്ധനോപകരണങ്ങൾ വാങ്ങാൻ, ഭവന നിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സ, പെൺമക്കളുടെ വിവാഹം എന്നീ ആവശ്യങ്ങൾക്ക് എടുത്തിട്ടുള്ള വായ്പകളാണ് കടാശ്വാസത്തിന് പരിഗണിക്കുന്നത്. നാളിതുവരെ 1 മുതൽ 56 വരെ അർഹത പട്ടികകളിൽ 320.634 കോടി രൂപ |

| | | | |
|---|---|---|---|
| | | | കടാശ്വാസം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അർഹത കണ്ടെത്തിയതിന് ശേഷം മോറട്ടോറിയം ഉത്തരവ് വകവയ്ക്കാതെ കടാശ്വാസം ലഭ്യമാകുന്നതിന് വന്ന കാലതാമസത്തിനിടയ്ക്ക് ബാങ്കിന്റെ നിർബന്ധത്തിന് വഴങ്ങി കുടിശ്ശിക അടച്ച് വായ്പ തീർപ്പാക്കിയിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് 82.60 ലക്ഷം രൂപ റീ ഫണ്ട് കടാശ്വാസം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മത്സ്യത്തൊഴിലാളി സമൂഹത്തെയും വിശിഷ്യാ മത്സ്യത്തൊഴിലാളികളെയും സാമൂഹികമായും സാമ്പത്തികമായും ഉയർത്തിക്കൊണ്ട് വരുന്നതിനും ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |
| (സി) | പാർശ്വവത്ക്കരിക്കപ്പെട്ട സമൂഹം എന്ന നിലയിൽ ഇവർക്ക് നൽകി വരുന്ന സഹായങ്ങൾ കാലോചിതമായി പരിഷ്കരിച്ച് നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | പാർശ്വവത്ക്കരിക്കപ്പെട്ട സമൂഹം എന്ന നിലയിൽ മത്സ്യത്തൊഴിലാളി കൾക്ക് നൽകി വരുന്ന സഹായങ്ങൾ കാലോചിതമായി പരിഷ്കരിച്ച് നടപ്പിലാക്കി യിട്ടുണ്ട്.<br><br>സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ട് സമുദ്ര ബസ് പദ്ധതിയും കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിന് വേണ്ടിയുള്ള മെഡിക്കൽ എൻട്രൻസ് / IIT/NIT/IAS കോച്ചിംഗിനുള്ള ധനസഹായങ്ങൾ, ആരോഗ്യ സംരക്ഷണത്തിന് മെഡിക്കൽ ക്യാമ്പ്, ക്യാൻസർ, ഹൃദയം തുറന്നുള്ള ശസ്ത്രക്രിയ ഉൾപ്പെടെ വിവിധ രോഗങ്ങൾക്ക് തുടർ ചികിത്സയ്ക്കുള്ള സാന്ത്വനതീരം പദ്ധതി മത്സ്യസമാഹരണത്തിന് വേണ്ടി ആഴക്കടൽ മത്സ്യയാനങ്ങൾ, ജി.പി.എസ്, DAT എന്നിവ നൽകി വരുന്നു. കൂടാതെ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ ത്തിന് പുനർഗേഹം പദ്ധതിയും നടപ്പിലാക്കി വരുന്നു. മത്സ്യത്തൊഴിലാളി കളുടെ തൊഴിൽ സാമൂഹിക, സാമ്പത്തിക ഉന്നമനത്തിന് വേണ്ടി നിലകൊള്ളുന്ന പരിഷ്കാരങ്ങൾ വഴി സുസ്ഥിരമായ ഒരു ജീവിതവും തുടർ ഭാവിയും സർക്കാർ വിഭാവനം ചെയ്യുന്നു.<br><br>സുരക്ഷിതമല്ലാത്ത പരമ്പരാഗത യാനങ്ങളിൽ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടം ഘട്ടമായി സുരക്ഷിതമായ യന്ത്രവൽകൃത മത്സ്യബന്ധന രീതിയിലേക്ക് പരിവർത്തനം ചെയ്യുക എന്ന ലക്ഷ്യത്തോടെ കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി മത്സ്യ സംപദാ യോജന (PMMSY) യിൽ ഉൾപ്പെടുത്തി 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന പദ്ധതിയ്ക്ക് 2020 - 21 വർഷം |

| | | | |
|---|---|---|---|
| | | | അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ളതും സ്ഥിരതയോടെ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളുമായ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉൾപ്പെട്ട 10 പേർ വീതം അടങ്ങുന്ന JLG ഗ്രൂപ്പുകൾ/SHG ഗ്രൂപ്പുകൾ/ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ/ FFPO (Fish Farmers Producer Organisation) എന്നിവരെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നതാണ്. 23/12/2020 ലെ സ.ഉ.(ആർ.റ്റി) നം. 744/2020/മ.തു.വ പ്രകാരം പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുകയും ജില്ലകളിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തുകയും ചെയ്തു.<br><br>കൊച്ചിൻ ഷിപ്പ് യാർഡ് നിർമ്മിക്കുന്ന അത്യാധുനിക സൗകര്യങ്ങളോട് കൂടിയ ഒരു ആഴക്കടൽ മത്സ്യബന്ധന യാനത്തിന്റെ വില 1.5 കോടി രൂപയാണ്. നിലവിലെ സ്ഥിതിയിൽ പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പ്രകാരം യൂണിറ്റ് ഒന്നിന് 1.2 കോടി രൂപയും സബ്സിഡിയായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കൂടി നൽകുന്നത് 48 ലക്ഷം രൂപയുമാണ്. (കേന്ദ്ര വിഹിതം 28.8 ലക്ഷം രൂപ + സംസ്ഥാന വിഹിതം 19.2 ലക്ഷം രൂപ). ബാക്കിയുള്ള 1.02 കോടി രൂപ ഗുണഭോക്തൃ വിഹിതം ആണ്. ഇത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സ്വന്തം നിലയിൽ കണ്ടെത്താൻ സാധിക്കില്ല എന്ന് മനസിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ വിഹിതത്തിന്റെ 30% (30.6 ലക്ഷം രൂപ) സംസ്ഥാന സർക്കാർ അധിക ഗ്രാന്റ് ആയി അനുവദിക്കുന്നതിനും ബാക്കി 70 % (71.4 ലക്ഷം രൂപ) കേരള ഫിനാൻഷ്യൽ കോർപറേഷനിൽ നിന്നും CMEDP ലോൺ മുഖേന ലഭ്യമാക്കുന്നതിന് ഉത്തരവായിട്ടുണ്ട്. യാനങ്ങൾ നിർമിച്ച് നൽകുന്നതിന് 21/10/2022 ന് കൊച്ചിൻ ഷിപ്പ് യാർഡിനു ലെറ്റർ ഓഫ് ഇന്റന്റ് നൽകിയിട്ടുണ്ട്. ആദ്യ ഘട്ടമായി നിർമ്മാണം പൂർത്തിയാകുന്ന 6 യാനങ്ങൾ 2022 ഡിസംബർ ന് തന്നെ ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

**മത്സ്യത്തൊഴിലാളികളെ സാമൂഹികമായും സാമ്പത്തികമായും ഉയർത്തിക്കൊണ്ട് വരുന്നതിന് ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ**

1. സമ്പാദ്യ സമാശ്വാസ പദ്ധതി
2. തീര പ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികൾ
3. വിദ്യാഭ്യാസ സഹായ പദ്ധതികൾ
4. മത്സ്യബന്ധനയാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷൂറൻസ് പദ്ധതി.
5. സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന കടൽ സുരക്ഷാ പദ്ധതി.
6. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 75% സബ്സിഡിയോടുകൂടി ഇൻസുലേറ്റഡ് ബോക്സ് നൽകുന്ന പദ്ധതി.
7. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്നതിന് എഫ്.ആർ.പി ബോട്ട്, ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ എന്നിവ നൽകുന്ന പദ്ധതി.
8. സമുദ്ര പദ്ധതി (മത്സ്യത്തൊഴിലാളി വനിതകൾക്ക് സൗജന്യ ബസ് സർവ്വീസ്)
9. മത്സ്യത്തൊഴിലാളികൾക്ക് തുടർ ചികിത്സാ ധനസഹായം നൽകുന്നതിനായി സാന്ത്വനതീരം പദ്ധതി
10. ഓഖി പുനരധിവാസ പദ്ധതികൾ.
11. മത്സ്യത്തൊഴിലാളി/അനുബന്ധ ത്തൊഴി ലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷൂറൻസ് പദ്ധതി.
12. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ.
13. മത്സ്യഫെഡ് വഴി നടപ്പാക്കുന്ന പദ്ധതികൾ.
14. മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി.
15. കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ നടപ്പിലാക്കുന്ന പദ്ധതികൾ
16. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികൾ
17. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

## <u>അനുബന്ധം -2</u>

### <u>മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ</u>

1. എൻ.സി.ഡി.സി ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി)
2. എൻ.ബി.സി.എഫ്.ഡി.സി/എൻഎം.ഡി.എഫ്.സി എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള പദ്ധതികൾ
3. ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം (LDRS)
4. വലകൾക്കുള്ള സബ്സിഡി പദ്ധതി
5. മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി
6. നാടൻ വള്ളങ്ങളുടെ നവീകരണം
7. മത്സ്യത്തൊഴിലാളികൾക്കുള്ള കിസാൻ ക്രെഡിറ്റ് കാർഡ് (KCC)
8. പ്രധാനമന്ത്രി മത്സ്യസമ്പദാ യോജന പദ്ധതി (PMMSY)
9. മത്സ്യത്തൊഴിലാളികളുടെ വായ്പയിൻമേൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി
10. മത്സ്യത്തൊഴിലാളികളുടെ മണ്ണെണ്ണ സബ്സിഡി 11.
11. ഫിഷ്മാർട്ടുകൾ
12. മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി
13. മത്സ്യത്തൊഴിലാളി ക്ഷേമനിധി

### <u>സാഫ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ</u>

<u>1. ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (Development of Micro Enterprises)</u>

a) കപ്പാസിറ്റി ബിൽഡിങ് ട്രെയിനിംഗ് പ്രോഗ്രാമുകൾ (Capacity Building Programme)

b) പലിശ രഹിത ചാക്രികമൂലധന സഹായം (Interest free Working Capital Revolving Fund)

c) Solidarity fund to struggling units

d) യൂണിറ്റുകളെ ബിസിനസ്സ് ഗ്രൂപ്പുകളാക്കി ഉയർത്തൽ

e) Community Wellness Interventions

f) സാങ്കേതിക വിദ്യാ നവീകരണ പദ്ധതി.

g) ബ്രാന്റിംഗ് & മാർക്കറ്റിങ്ങ്_

2. JLG Project for Ensuring Livelihood Security of fisherwomen in Kerala

3. ഹൈജീനിക് റഫ്രിജറേറ്റഡ് മൊബൈൽ ഫിഷ്വെൻറിങ് കിയോസ്ക്

4. കേരള ബാങ്ക് മുഖേന ദീർഘകാല വായ്പപദ്ധതി

5. തീരമൈത്രി സീഫുഡ് റസ്റ്റോറന്റ്

6. സ്നേഹതീരം പദ്ധതി

7. Model Peeling Unit

8. തീരമാവേലി

9  Gender Equality & Women Empowerment Policy  – Digital Media & Marketing_

10. ലഹരി വിമുക്ത പ്രചരണ പരിപാടി– ലഹരിമുക്ത കേരളം

11. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ